# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5702 — 24.05.2017 — ൽ മറുപടിക്ക്

## ഭക്ഷ്യ ഭദ്രതാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതോടെ പൊതുവിതരണ രംഗത്തുണ്ടാകുവാൻ പോകുന്ന നേട്ടങ്ങൾ വ്യക്തമാക്കാമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ റേഷൻ കടകൾ വഴിയുളള റേഷൻ വിതരണം ഇ-പോസ് മെഷീൻ വഴി ആധാർ അധിഷ്ഠിത കാർഡുകളിലൂടെയും ബയോമെട്രിക് രീതിയിലുളള തിരിച്ചറിയൽ മുഖേനയും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനാൽ റേഷൻ വിതരണത്തിൽ ക്രമക്കേടുകൾ നടത്തുവാൻ സാധിക്കുന്നതല്ല. കൂടാതെ റേഷൻഡിപ്പോകളിൽ സ്റ്റോക്ക് എത്തിച്ചേരുമ്പോഴും കാർഡ് ഉടമയുടെ പേരിൽ ബില്ല് ചെയ്യുമ്പോഴും എസ്.എം.എസ്. സംവിധാനം മുഖേന കാർഡുടമക്ക് അറിയിപ്പ് നൽകുന്നത് വഴി റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയാൻ സാധിക്കുന്നതാണ്. റേഷൻ സംവിധാനം മൊത്തത്തിൽ സുതാര്യവും കാര്യക്ഷമവുമാകുന്നതാണ്. |
| (ബി) പ്രസ്തുത നിയമം സിവിൽ സപ്ലൈസ് വകുപ്പിന്റെ പൂർണ്ണ മേൽനോട്ടത്തിൽ തന്നെയാണോ നടപ്പിലാക്കുന്നത്; | (ബി) സിവിൽ സപ്ലൈസ് വകുപ്പിന്റെയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും മേൽനോട്ടത്തിലാണ് നടപ്പിലാക്കുന്നത്. |
| (സി) ഇതിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്നും എവിടെയൊക്കെയെന്നും പറയാമോ; | (സി) പരിഗണനയിലാണ്. |
| (ഡി) പ്രസ്തുത നിയമം മൂലം സിവിൽ സപ്ലൈസ് വകുപ്പിന്റെ നിലവിലുള്ള എന്തെങ്കിലും അധികാരങ്ങളും തസ്തികകളും കുറയുന്ന സാഹചര്യം ഉണ്ടാകുമോ; | (ഡി) ഇല്ല. |
| (ഇ) വകുപ്പിലെ ഇൻസ്പെക്ഷൻ വിംഗിനേയും വിജിലൻസ് വിംഗിനേയും ആഡിറ്റ് വിംഗിനേയും ശാക്തീകരിച്ച് ക്രമക്കേടുകളും മറ്റും തടയുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) പൊതുവിതരണ സംവിധാനത്തിലെ ക്രമക്കേടുകൾ തടയുന്നതിന് ഫലപ്രദമായ സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ